ഉത്തരം

(എ) നടപടിയെടുത്തിരുന്നു.

(ബി) മരം മുറിച്ചുമാറ്റിയതു സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് ഒരാൾ പരാതി അയച്ചിരുന്നുവെന്നും ഇതു സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറി യഥാ സമയം അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്ന് സർക്കാരിന് ലഭിച്ച പരാതിയിൽ കാണുകയും പരാതിക്കടിസ്ഥാനമായ കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടെന്ന് പ്രഥമദൃഷ്ട്യാ കണ്ട് വിശദമായ അന്വേഷണത്തിനും മേൽ നടപടിക്കുമായി ടി പഞ്ചായത്ത് സെക്രട്ടറിയെ സർക്കാർ ഉത്തരവ് (സാധാ) നം. 491/00/തസ്വഭവ. പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറി കൃത്യ വിലോപം ഒന്നും വരുത്തിയിട്ടില്ലായെന്ന് കണ്ടെത്തുകയും സർവ്വീസിൽ പുനഃ പ്രവേശിപ്പിക്കുകയും ചെയ്തു.

(സി) ശ്രീമതി ഹലിമാ ബീവി, ജസീന മൻസിൽ, പനവൂർ പി.ഒ. നഷ്ടം സംബന്ധിച്ച് മൂല്യ നിർണ്ണയം നടത്തിയിട്ടില്ല.

(ഡി) പോലീസിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) കോടതിയിൽ കേസ് വിചാരണ പൂർത്തിയാക്കിയിട്ടില്ല.

(എഫ്) കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തു വക കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

47 (1341) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തു വക കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിനു നിയമാനുസൃത വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം നിശ്ചയിക്കുന്ന വാടകയിൽ എത്ര ശതമാനം വരെ പഞ്ചായത്ത് കമ്മിറ്റിക്ക് കൂടി നിശ്ചയിക്കാൻ അധികാരമുണ്ട് ;

(സി) നിശ്ചിതപരിധിയിൽ കൂടുതൽ കൂട്ടി നിശ്ചയിക്കുന്നതിനെതിരെ അന്തിമ തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം ആർക്കാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെട്ടിടത്തിന്റെ മുതൽ മുടക്ക് കണക്കിലെടുത്താണ് വാടക നിശ്ചയിക്കുന്നത്. ഇപ്രകാരം വാടക നിശ്ചയിക്കുമ്പോൾ സർക്കാരിന്റെ 28-12-1985-ലെ 13967/സി2/85/തഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്തു കമ്മിറ്റിക്ക് യുക്തമെന്നു തോന്നുന്ന അധിക വാടക നിശ്ചയിക്കാവുന്നതാണ്. വർദ്ധന യുക്തിസഹജമായിരിക്കേണ്ടതാണ്.

(സി) നിശ്ചിത പരിധിയിൽ കൂടുതൽ വാടക കൂട്ടി നിശ്ചയിക്കുന്നതിനെതിരെ അന്തിമ തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

മീഴൂർ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ എണ്ണം

48 (1342) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ മീഴൂർ പഞ്ചായത്തിൽ 1997 ഫെബ്രുവരിയിൽ അന്തരിച്ച എത്രപേരുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) ഇവരിൽ ആരുടെയെല്ലാം മരണ സർട്ടിഫിക്കറ്റുകൾ മീഴൂർ പഞ്ചായത്തു ആഫീസിൽ നിന്നും മരിച്ചവരുടെ ബന്ധുകൾക്കു നൽകിയിട്ടുണ്ട് ;

(ഡി) സർട്ടിഫിക്കറ്റ് നൽകപ്പെട്ടവരുടെ പേരും സർട്ടിഫിക്കറ്റുകളുടെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആറുപേരുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) (1) കാർത്ത്യായനിയമ്മ, ലക്ഷ്മി വിലാസം, കാഞ്ഞിരമറ്റം.

(2) വി. കെ. നാരായണൻ, വേങ്കാലായിൽ, മീഴൂർ.

(3) പീതാംബരൻ, കൈതക്കാട്ടിൽ, മീഴൂർ.

(4) ജോൺ, കുരിശും മൂട്ടിൽ, കാടാംപാക്.

(5) കുട്ടപ്പൻ, മണപ്പുള്ളിൽ, വാക്കാട്.

(6) അസമുമ, ഇടശ്ശേരി, തടത്തിൽ മരങ്ങോലി.

(സി&ഡി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 17 പ്രകാരം ഉള്ള സർട്ടിഫിക്കറ്റിന് ആരുംതന്നെ അപേക്ഷിച്ചിട്ടില്ലാത്തതിനാൽ (റൂൾ 17 പ്രകാരം) സർട്ടിഫിക്കറ്റ് നൽകിട്ടില്ല.

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു നടപടി

49 (1343) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകൾ ;

LIBRARY ARCHIVES Kerala Legislative Assembly